**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 935** **29-06-2026-ൽ മറുപടിയ്ക്ക്**

**റോഡ് അപകടങ്ങളും പരിഹാരമാർഗങ്ങളും**

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ**

ശ്രീ. വി. ടി. ബൽറാം

ശ്രീ. ടോണി ചമ്മണി

ശ്രീ. മുഹമ്മദ് ഷിയാസ്

**മറുപടി നൽകിയ മന്ത്രി**

ശ്രീ. പി. കെ. ബഷീർ

(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

**(എ)** സംസ്ഥാനത്തെ റോഡുകളിൽ വാഹനഗതാഗതം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള സാഹചര്യം വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ആയത് മൂലം റോഡ് മുറിച്ച് കടക്കുന്നതിനും വശങ്ങളിലൂടെ നടക്കുന്നതിനും കാൽനടക്കാർ നേരിടുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണുവാൻ സുരക്ഷിത നടപ്പാതകളും മേൽപ്പാലങ്ങളും നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ; വ്യക്തമാക്കാമോ?

**മറുപടി:** സംസ്ഥാനത്തെ റോഡുകളിൽ വാഹന ഗതാഗതം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള സാഹചര്യം വിലയിരുത്തിയിട്ടുണ്ട്. പൊതുമരാമത്ത് വകുപ്പിന്റെ കീഴിലുള്ള റോഡുകളിൽ കാൽനട യാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി പദ്ധതികളുടെ ഭാഗമായി ടെക്നിക്കൽ ഫീസിബിലിറ്റി, ഫണ്ട് ലഭ്യത, സ്ഥലലഭ്യത എന്നിവ കണക്കിലെടുത്തും കാൽ നടക്കാർക്കുള്ള സൗകര്യം ഏർപ്പെടുത്തി വരുന്നു. കൂടാതെ കാൽ നടയാത്രക്കാർക്കായി സീബ്രാ ക്രോസ്സിങ്ങും പ്രവൃത്തികളുടെ ഭാഗമായി അടയാളപ്പെടുത്തുന്നുണ്ട്. കാൽനട യാത്രക്കാർ കൂടുതലുള്ള ഭാഗങ്ങളിൽ നടപ്പാതകൾ നിർമ്മിക്കുന്നതിനും, കാൽനട യാത്രക്കാർ കൂടുതൽ ഇല്ലാത്ത ഭാഗങ്ങളിൽ റോഡിന്റെ ഇരുവശങ്ങളിലും നടക്കുവാൻ ഷോൾഡറുകളും നൽകി അനിവാര്യമായ സുരക്ഷാ സംവിധാനം ഏർപ്പെടുത്തി വരുന്നുണ്ട്.

പുതുതായി കെ.എസ്.ടി.പി, കെ.ആർ.എഫ്.ബി, റിക്ക് എന്നീ വികസന വിഭാഗങ്ങൾ മുഖേന ഏറ്റെടുത്തു നടത്തിവരുന്ന വൻകിട വികസന പദ്ധതികളിലും റോഡു പ്രവർത്തനങ്ങളിലും, നഗര വികസനപദ്ധതികളിലും റോഡും വികസനത്തിനോടൊപ്പം നടപ്പാതകളും നടപ്പിലാക്കി വരുന്നുണ്ട്. ഗതാഗത തിരക്കുള്ള സ്ഥലങ്ങളിൽ അടിപ്പാതകൾ, ജംഗ്ഷനുകളുടെ അഭിവൃദ്ധിപ്പെടുത്തൽ, ബൈപ്പാസുകൾ, മേൽപ്പാലങ്ങൾ എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

**ദേശീയപാത**

വാഹന ഗതാഗതം ക്രമാതീതമായി വർദ്ധിച്ചിട്ടുള്ള സാഹചര്യം കണക്കിലെടുത്ത് പൊതുമരാമത്ത് വകുപ്പ് ദേശീയപാത വിഭാഗത്തിന് കീഴിലുള്ള റോഡുകളിൽ കാൽനടക്കാർക്കായി നടപ്പാതകൾ നിർമ്മിക്കുവാൻ സാഹചര്യമുള്ള സ്ഥലങ്ങളിലെല്ലാം നടപ്പാതകൾ നിർമ്മിക്കുന്നുണ്ട്. മേൽപ്പാലം നിമ്മിക്കുന്നതിന് MoRTH ൽ നിന്നും അനുമതി ലഭ്യമായാൽ നടപടികൾ സ്വീകരിക്കുന്നതാണ്. കാൽനടക്കാർക്ക് റോഡ് മുറിച്ച് കടക്കുന്നതിന് എല്ലാ റോഡുകളിലും സീബ്രാലൈൻ മാർക്ക് ചെയ്യുന്നുണ്ട്.

**സെക്ഷൻ ഓഫീസർ**